LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ 12-8-2014-ലെ ജി.ഒ.(ആർടി.) നമ്പർ 2745/2014/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. 30-12-2011-ലെ സർക്കാർ ഉത്തരവ് നമ്പർ 582/11/ആ.ക.വ. പ്രകാരം ഒരു ദന്തൽ മെക്കാനിക്കിന്റെയും 27/11/2012-ലെ സർക്കാർ ഉത്തരവ് നമ്പർ 396/2012/ആ.ക.വ. പ്രകാരം 4 അസിസ്റ്റന്റ് സർജന്റെയും 10 സ്റ്റാഫ് നേഴ്സിന്റെയും 16-9-2014-ലെ 3074/14/ആ.ക.വ. എന്ന ഉത്തരവ് പ്രകാരം ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 100 കിടക്കകൾ ഉള്ള നിലവിലുള്ള കെട്ടിടത്തിൽ പുതുതായി സർജറി, കണ്ണ് എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുണ്ടായി. ബ്ലഡ് ബാങ്ക് ആരംഭിക്കാൻ വേണ്ട ഉപകരണങ്ങൾ ടി കാലയളവിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ടി ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. ടി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി അടിസ്ഥാന സൗകര്യ വികസനത്തിന് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള 33 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

(സി) ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ടി യൂണിറ്റിനുള്ള കെട്ടിടത്തിന്റെ നവീകരണത്തിനായി 30 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ചെലവഴിച്ച തുക

80 (745) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ മെഡിക്കൽ കോളേജ് ആശുപത്രിക്കും അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും ചെലവായ തുകയും എത്രയാണെന്ന് അറിയിക്കാമോ ;

(ബി) പുതുതായി ആരംഭിക്കാൻ തീരുമാനിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ് ; അവ ഓരോന്നിന്റെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതി ചെലവ് കണക്കാക്കപ്പെട്ടത് എത്ര കോടി വീതമാണ് ; ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര കോടി വീതമാണ് ;

(സി) സ്വകാര്യപങ്കാളിത്തത്തോടെ എത്ര മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; അതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിനകം ചെലവഴിച്ചത് എത്ര കോടി രൂപയാണ്;വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി)

ക്രമ നമ്പർ	മെഡിക്കൽ കോളേജ്	പദ്ധതി അടങ്കൽ	ഇതുവരെ ചെലവ്
1.	ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം	164.98 കോടി	25,39,93,402
2.	ഗവ. മെഡിക്കൽ കോളേജ്, ചെറുതോണി, ഇടുക്കി	277.68 കോടി	8,36,32,643
3.	ഗവ. മെഡിക്കൽ കോളേജ്, ബദിയടുക്ക, കാസർഗോഡ്	253.19 കോടി	19,95,000
4.	ഗവ. മെഡിക്കൽ കോളേജ്, കോന്നി, പത്തനംതിട്ട	167.33 കോടി	25,55,00,000
5.	ഗവ. മെഡിക്കൽ കോളേജ്, ജി.എച്ച്.കാമ്പസ്, തിരുവനന്തപുരം സിറ്റി	190.53 കോടി	3,00,00,000
6.	ഗവ. മെഡിക്കൽ കോളേജ്, ഹരിപ്പാട്, ആലപ്പുഴ	299.31 കോടി	29,82,614
7.	ഗവ. ഇ.എസ്.ഐ.സി. പാരിപ്പള്ളി, കൊല്ലം		ഏറ്റെടുക്കൽ നടപടി പൂർത്തിയായാലേ ചെലവ് കണക്കാക്കാൻ കഴിയൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നത് ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കരുവാറ്റ കേന്ദ്രമാക്കി തുടങ്ങുന്ന മെഡിക്കൽ കോളേജാണ്. ഡി.പി.ആർ. നിർമ്മാണം ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ. എങ്കിലും പ്രാഥമികമായി പ്രതീക്ഷിക്കുന്ന ചെലവ് 299.31 കോടി രൂപയാണ്.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ തസ്തിക

81 (746) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാർ ഇല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ മിനിമം ജീവനക്കാരുടെ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് യാതൊരു ഫയലും ധനകാര്യവകുപ്പിൽ ഇല്ലെന്ന് ധനവകുപ്പ് നിയമസഭയെ അറിയിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഫയൽ ധനകാര്യ വകുപ്പിന് പുനഃസമർപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സമർപ്പിച്ചിട്ടുണ്ട്. 577/എം1/2012/ആ.കു.വ. നമ്പർ ഫയൽ ധനവകുപ്പ് പരിശോധിക്കുകയും 21 തസ്തികകൾ സൃഷ്ടിക്കുന്നതിന് 65,36,658 രൂപയുടെ അധിക സാമ്പത്തിക ബാധ്യത വരുന്നതിനാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 13-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 18-3-2015-ൽ 2203 നമ്പർ ചോദ്യത്തിന് മറുപടി നൽകുന്ന സമയത്ത് ധനകാര്യവകുപ്പിൽ ഇതു സംബന്ധമായ ഫയലുകൾ ഒന്നും നിലവിലില്ലായിരുന്ന സാഹചര്യത്തിലാണ് ടി വകുപ്പ് മേൽമറുപടി നൽകിയിട്ടുള്ളത്.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും വീണ്ടും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഫയൽ ധനവകുപ്പിലേയ്ക്കയക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly